**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **23-01-2025 - ൽ മറുപടിയ്ക്ക്**

**ബദിയഡുക്കയിൽ അനുവദിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ബദിയഡുക്കയിൽ അനുവദിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും പ്രസ്തുത കോളേജിൽ എം.ബി.ബി.എസ് കോഴ്സ് ഉൾപ്പെടെയുള്ള കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമാക്കാമോ? | (എ) | കാസർഗോഡ് ബദിയഡുക്കയിൽ അനുവദിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ടി കോളേജിൽ 2025-26 അദ്ധ്യയന വർഷത്തിൽ 50 സീറ്റുകളോടെ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 50 എം ബി ബി എസ് സീറ്റിന്റെ കൺസന്റ് ഓഫ് അഫിലിയേഷൻ ലഭിക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ഷൻ നടത്തി കൺസന്റ് ഓഫ് അഫിലിയേഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2025-26 അദ്ധ്യയനവർഷം MBBS ക്ലാസുകൾ ആരംഭിക്കുന്നതിന് NMC അംഗീകാരം ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകുകയും, പരിശോധനാ ഫീസ് NMC യിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. NMC അംഗീകാരം ലഭ്യമാകുന്ന പക്ഷം 2025-26 അദ്ധ്യയന വർഷത്തിൽ തന്നെ 50 സീറ്റോടുകൂടി MBBS കോഴ്സ് ആരംഭിക്കാൻ കഴിയുന്നതാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം നടന്നു വരുന്നു. ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അതിവേഗം നടന്നു വരുന്നു. കൂടാതെ പാർപ്പിട സൗകര്യങ്ങളുടെ സിവിൽ പ്രവർത്തികളും പൂർത്തിയായി വരുന്നു. കോളേജിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനും ലാബുകൾ സ്ഥാപിക്കുന്നതിനുമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ